File No.DMA2/478/2021-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 മായി ബന്ധപ്പെട്ട് വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ - സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.683/2021/DMD തീയതി,തിരുവനന്തപുരം, 13/10/2021

പരാമർശം:-

1. സ.ഉ(സാധാ)നം.394/2021/ഡി.എം.ഡി തീയതി 03.05.2021.
2. സ.ഉ(സാധാ)നം.452/2021/ഡി.എം.ഡി തീയതി 03.06.2021.
3. സ.ഉ(സാധാ)നം.456/2021/ഡി.എം.ഡി തീയതി 04.06.2021.
4. സ.ഉ(സാധാ)നം.564/2021/ഡി.എം.ഡി തീയതി 04.08.2021.
5. സ.ഉ(സാധാ)നം.619/2021/ഡി.എം.ഡി തീയതി 14.09.2021.

**ഉത്തരവ്**

സംസ്ഥാനത്തെ കോവിഡ് വ്യാപനം കണക്കിലെടുത്ത് പരാമർശം (1), (2), (3) എന്നീ ഉത്തരവുകൾ പ്രകാരം ഓഫീസുകളിൽ ഹാജരാകുന്നതിൽ നിന്ന് ചില വിഭാഗം ജീവനക്കാർക്ക് ഇളവുകൾ അനുവദിക്കുകയും ഇവർക്ക് "വർക്ക് ഫ്രം ഹോം" വ്യവസ്ഥ പ്രകാരം ജോലി ചെയ്യുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.എന്നാൽ സംസ്ഥാനത്തെ ഇപ്പോഴത്തെ കോവിഡ് വ്യാപനത്തിന്റെ തോതും, കോവിഡ് വാക്സിനേഷൻ പ്രക്രിയയിൽ ഉണ്ടായിട്ടുള്ള പുരോഗതിയും വിലയിരുത്തിയ ശേഷം പരാമർശം (4), (5) പ്രകാരം സർക്കാർ ഓഫീസുകൾ, അർദ്ധ സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ എന്നീ സ്ഥാപനങ്ങൾ തിങ്കൾ മുതൽ ശനി വരെ 100 % ഹാജർ നിലയോടു കൂടി തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ച ഇളവുകൾ ഇല്ലാതായിട്ടുണ്ട്.

2) എന്നാൽ ഈ ഇളവുകൾ ഇപ്പോഴും തുടരുന്നുണ്ടോ എന്നുള്ള കാര്യത്തിൽ സ്പഷ്ടീകരണത്തിനായി നിരവധി അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽസംസ്ഥാനത്തെ കോവിഡ് വ്യാപന പശ്ചാത്തലത്തിൽഒരു വിഭാഗം ജീവനക്കാർക്ക് 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി നോക്കുവാൻ നൽകിയിരുന്ന ഇളവുകൾക്ക് 04.08.2021 വരെ മാത്രമേ പ്രാബല്യമുള്ളൂ എന്നുള്ള വിവരം സ്പഷ്ടീകരണം വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈൻ.എ.ഹക്ക്

അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

എല്ലാ പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്കും

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകളും

പൊതുഭരണ (എ.എം.സി) വകുപ്പ്

ഡയറക്ടർ (ഐ& പി.ആർ.ഡി)

പകർപ്പ്:-

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ